**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3120** **13-07-2022 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദ സഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്റഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദ സഞ്ചാരത്തിന് അനുയോജ്യമാണെന്ന് കരുതുന്നുണ്ടോ; | (എ) | സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ള ടൂറിസം മേഖലയാണ്. കേരളത്തിലും സാഹസിക ടൂറിസം മേഖല വളർച്ചയുടെ പാതയിലാണ്. ജൈവ വൈവിദ്ധ്യംകൊണ്ട് സമ്പന്നമായ നമ്മുടെ സംസ്ഥാനം സാഹസിക ടൂറിസം മേഖലയ്ക്ക് ഏറെ അനുയോജ്യമാണ്. പർവ്വതങ്ങളും, കുന്നുകളും, ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. ഈ സാധ്യതകളെ മനസ്സിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 2017 -ലെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. സാഹസികടൂറിസം മേഖലയിൽ വിനോദസഞ്ചാര വകുപ്പിന്റെ ഇടപെടലുകളും സ്വകാര്യവ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തവും സാഹസിക ടൂറിസം മേഖലയെ പുതിയ മാനങ്ങളിലേക്ക് എത്തിക്കുന്നു. പുതിയ സംരംഭകർ ഈ മേഖലയിലേക്ക് ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നു. വരും വർഷങ്ങളിൽ ഇന്ത്യയുടെ സാഹസിക ടൂറിസം ഭൂപടത്തിൽ കേരളത്തിന് ഗണ്യമായ സ്ഥാനം വഹിക്കാൻ കഴിയും.<br><br>കേരളത്തിലെ ബീച്ചുകൾ, കായലുകൾ, പുഴകൾ എന്നിവിടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ബോട്ട്സ് ആൻഡ് വാട്ടർസ്പോർട്സ് റൈഡ്സ്, പാരാസെയിലിംഗ്, വാട്ടർസ്കീയിംഗ് ആൻഡ് പവർ ബോട്ട് ഫൺ റൈഡ്സ്, ജെറ്റ് സ്കീ/പേഴ്സണൽ വാട്ടർ ക്രാഫ്റ്റ്, വിൻഡ് സർഫിംഗ്, ഡിൻഗി സെയിലിംഗ്, |

| | | | |
|---|---|---|---|
| | | | കയാക്കിംഗ് ആൻഡ് കനോയിംഗ്, സ്കൂബാ ഡൈവിംഗ്, വൈറ്റ് വാട്ടർ റാഫ്റ്റിംഗ് ആൻഡ് കയാക്കിംഗ് , ബാംബൂ റാഫ്റ്റിംഗ് തുടങ്ങി അഡ്വഞ്ചർ ആക്റ്റിവിറ്റികൾ നിലവിലുണ്ട്.<br><br>കേരളത്തിലെ മലനിരകൾ, കുന്നുകൾ, പാറക്കെട്ടുകൾ, നിത്യഹരിത വനങ്ങൾ എന്നിവിടങ്ങളിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടുകൂടി ട്രക്കിംഗ്, ഹൈകിംഗ്, നാച്വർ വാക്ക്, ബേർഡ് വാച്ചിംഗ്, ജീപ്പ് സഫാരി, റോക്ക് ക്ലൈമ്പിംഗ് തുടങ്ങി അഡ്വഞ്ചർ ആക്റ്റിവിറ്റികൾ നടത്തി വരുന്നു. കൂടാതെ സൈക്ലിംഗ് ടൂർസ്, സിപ് വൈർസ് ആൻഡ് ഹൈ റോപ്പ് കോഴ്സസ്, ആർട്ടിഫിഷ്യൽ വാൾ ക്ലൈബിംഗ് , അബ് സീലിംഗ്, ആൾ ടെറൈൻ വെഹിക്കിൾ(എ.റ്റി.വി) ടൂർസ് ജീപ്പ് സഫാരി, 4x4 ഡ്രൈവിംഗ് സഫാരി തുടങ്ങിയ സാഹസിക വിനോദങ്ങളും വിവിധ അഡ്വഞ്ചർ പാർക്കുകളിൽ സാഹസിക വിനോദ സഞ്ചാരികൾക്കായി പ്രവർത്തിക്കുന്നു. |
| (ബി) | പാരാഗ്ലൈഡിങ്, കാനോയിങ് തുടങ്ങിയ സാഹസിക വിനോദ സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യം ആലോചനയിലുണ്ടോ; | (ബി) | പാരാഗ്ലൈഡിംഗ്, കനോയിംഗ് തുടങ്ങിയ സാഹസിക വിനോദ സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യം ആലോചനയിൽ ഉണ്ട്. പാരാഗ്ലൈഡിംഗ് നിലവിൽ കേരളത്തിൽ ഇടുക്കി ജില്ലയിലെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ പ്രവർത്തനം നടത്തിവരുന്നു.കൂടാതെ തിരുവനന്തപുരം ജില്ലയിലെ വർക്കല ക്ലിഫിലും പാരാഗ്ലൈഡിംഗ് നടത്തിവരുന്നു.<br><br>വർധിച്ചുവരുന്ന സാഹസിക ടൂറിസം സാധ്യത പ്രയോജനപ്പെടുത്താൻ മൂന്നാറിൽ ഒരു പാരാഗ്ലൈഡിംഗ് സെന്റർ തുടങ്ങുന്നതിന് കെ.എ.റ്റി.പി.എസ് പരിശോധന നടത്തുകയും മൂന്നാർ ഗ്യാപ്പ്റോഡിനോട് ചേർന്ന് പാരാഗ്ലൈഡിംഗിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും ചെയ്തു. പാരാഗ്ലൈഡിംഗിൽ അനുഭവസമ്പത്തുള്ള ഏജൻസികൾ നടത്തിയ സാധ്യതാ പഠനം അനുസരിച്ച് മൂന്നാറിലെ നിർദ്ദിഷ്ട സ്ഥലം ഗ്ലൈഡിംഗിന് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. മറ്റ തടസ്സങ്ങൾ ഇല്ലെങ്കിൽ ഇവിടെ പാരാഗ്ലൈഡിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്<br><br>കേരളത്തിലെ 44 നദികളിലും , ബീച്ചുകളിലും കയാക്കിംഗ് & കനോയിംഗ് നടത്തിവരുന്നു. സാഹസിക സഞ്ചാരികൾക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു വിനോദമാണ് കയാക്കിംഗ് & കനോയിംഗ്. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ 200 ൽ പരം യൂണിറ്റുകൾ കയാക്കിംഗ് & കനോയിംഗ് ആക്ടിവിറ്റി നടത്തിവരുന്നു. |
| (സി) | മലബാർ മേഖലയിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ എല്ലാ വർഷവും കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും, ചാലിപ്പുഴയിലും നടത്തിവരുന്നു. 3 ദിവസം നീണ്ടുനിൽക്കുന്ന ഈ മത്സരം വീക്ഷിക്കുവാൻ വിദേശത്ത് നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കായിക പ്രേമികൾ എത്തും. ഇക്കൊല്ലം 2022 ആഗസ്റ്റ് മാസം സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS)ഉം കോഴിക്കോട് DTPC ഉം ചേർന്ന് ഇന്ത്യൻ കയാകിംഗ് കനോയിംഗ് അസ്സോസിയേഷന്റെ സാങ്കേതിക സഹായത്തോടെ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലും മലബാർ റിവർ ഫെസ്റ്റിവൽ 2022 മുന്നൊരുക്കങ്ങൾ നടന്നു വരുന്നു.<br><br>മലബാർ മേഖലയിലെ ബീച്ചുകളിൽ പാരാസെയിലിംഗ്, സർഫിംഗ്, സ്കൂബാ ഡൈവിംഗ് തുടങ്ങിയ ആക്ടിവിറ്റികൾ നടത്താവുന്നതാണ്. വിവിധ DTPC കൾ അത്തരം സാധ്യതകൾ പരിശോധിച്ചു വരുന്നു.<br><br>കേരള വിനോദ സഞ്ചാര വകുപ്പിന് വേണ്ടി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും കോഴിക്കോട് ജല്ലീ ഫിഷ് വാട്ടർ സ്പോർട്സുമായി ചേർന്ന് സംഘടിപ്പിക്കുന്ന 3 ദിവസത്തെ കയാകിംഗ് ഫെസ്റ്റിവലാണ് ചാലിയാർ റിവർ ചലഞ്ച്. ചാലിയാർ പുഴയിൽ കോഴിക്കോട് മുതൽ നിലമ്പൂർ വരെയുള്ള 68 കി.മി. ദൂരം 3 ദിവസം കൊണ്ട് തുഴഞ്ഞ് എത്തുന്നതിനോടൊപ്പം പ്ലാസ്റ്റിക് ക്ലീൻ ക്യാമ്പയിനായി ഇത് വളർത്തിയെടുക്കുന്നു. കയാക്കിംഗിനൊപ്പം വൈകുന്നേരങ്ങളിൽ ചാലിയാറിന്റെ തീരങ്ങളിൽ മത്സരാർഥികൾ ടെന്റ് ക്യാമ്പിംഗ് നടത്തിവരുന്നു. വിദേശീയരും സ്വദേശീയരുമായി 100 ൽ പരം കയാക്കർമാർ ഈ റിവർ ചലഞ്ചിൽ പങ്കെടുക്കുന്നു. എല്ലാ വർഷവും നവംബർ മാസത്തിലാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ